ചേലക്കര നിയോജകമണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കാൻ നടപടി

46 [3334] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജകമണ്ഡലത്തിലെ മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മാവേലിസ്റ്റോറുകൾ തുടങ്ങുവാൻ അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് അധികൃതർ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിധേയമായി ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിലും അവ തുടങ്ങുവാൻ സാധിക്കുന്നതാണ്.

സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിച്ച ഗ്രാന്റ്

47 [3335] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2001-2002, 2002-2003 എന്നീ വർഷങ്ങളിൽ സാംസ്കാരിക സ്ഥാപനങ്ങൾക്കായി സംസ്ഥാന സർക്കാർ എത്ര രൂപ ഗ്രാന്റായി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

2001-2002 വർഷത്തിൽ 12,18,09,500 രൂപയും, 2002-2003 വർഷത്തിൽ 11,10,57,000 രൂപയും സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

മണക്കുളം മുകുന്ദ രാജാവിന്റെ ഭവനം ഏറ്റെടുക്കുവാൻ നടപടി

48 [3336] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലത്തിന്റെ സ്ഥാപകരിൽ ഒരാളായ മണക്കുളം മുകുന്ദ രാജാവിന്റെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുണ്ടത്തിക്കോട് പഞ്ചായത്തിൽ അമ്പലപ്പുറത്ത് നിലനിൽക്കുന്ന ഭവനം ഏറ്റെടുക്കുവാൻ സാംസ്കാരിക വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഭവനം ഏറ്റെടുത്ത് കേരള കലാമണ്ഡലത്തിന്റെ ഉപകേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) കലാമണ്ഡലം ഇക്കാര്യത്തിൽ ചില അനൗപചാരിക ചർച്ചകൾ നടത്തിയിരുന്നെങ്കിലും തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly